**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1403

02/07/2015 - ൽ മറുപടിയ്ക്ക്.

## കുടുംബശ്രീയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.കെ.ലതിക | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടുംബശ്രീക്ക് 2014-15 ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; | (ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 115.49 കോടി രൂപ വകയിരുത്തിയിരുന്നു. |
| (സി) എന്തെല്ലാം പദ്ധതികളാണ് കുടുംബശ്രീ ഈ വർഷം ഏറ്റെടുത്ത് നടപ്പാക്കിയത് എന്നറിയിക്കാമോ; | (സി) കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>I. സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾ<br>1) മൈക്രോ ഫിനാൻസ്<br>2) പ്രാദേശിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾ<br>a) സംഘകൃഷി<br>b) സൂക്ഷ്മ സംരംഭങ്ങൾ<br>c) സമഗ്ര പദ്ധതികൾ<br>d) ആട്ടുഗ്രാമം<br>e) ക്ഷീരസാഗരം<br>f) ഐ.റ്റി, ഉന്നതി<br>g) ക്യാന്റീൻ - കഫേ<br>h) സാന്ത്വനം - പാരാമെഡിക്കൽ<br>i) കുടുംബശ്രീ ട്രാവൽസ്<br>j) ന്യൂട്രീമിക്സ്<br>II. സാമൂഹിക വികസനം<br>1) ആശ്രയ<br>2) ബഡ്സ് സ്കൂൾ |

3) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ

4) ട്രൈബൽ സോഷ്യൽ പ്രോജക്ട്സ്

5) ബാലസഭ

III. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

1) സ്ത്രീപദവി സ്വയം പഠനം

2) ക്രൈംമാപ്പിംഗ്

3) സ്നേഹിത ജെന്റർ ഹെൽപ്പ്ഡെസ്ക്

4) ശ്രീശക്തി പോർട്ടൽ

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീ മുഖേന നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി), സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്ജെഎസ്ആർവൈ), നാഷണൽ അർബൻ ലൈവ് ലിഹുഡ് മിഷൻ (എൻയുഎൽഎം), ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്ലം ഡവലെപ്മെന്റ് പ്രോജക്ട്, (ഐഎച്ച്എസ്ഡിപി), ബേസിക് സർവ്വീസസ് ഫോർ അർബൻ പുവർ (ബിഎഎസ് യുപി) രാജീവ് ആവാസ് യോജന (ആർഎവൈ), നാഷണൽ റൂറൽ ലൈവ് ലിഹുഡ് മിഷൻ (എൻആർഎൽഎം), ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നത്. |
| (ഇ) | 2014-15 ബജറ്റിൽ വകയിരുത്തിയ തുകയിൽ ചെലവഴിച്ച തുക എത്ര? | (ഇ) | 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 115.49 കോടി രൂപയിൽ 8615 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ